പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1794 16.06.2014 ൽ മറുപടിക്ക്

## പോലീസ് ഉദ്യോഗസ്ഥരുടെ ജോലിഭാരം മൂലമുള്ള മാനസിക സമ്മർദ്ദം

| ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.എം.ഉമ്മർ | മറുപടി<br><br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) ജോലി സമ്മർദ്ദം മൂലം പോലീസ് ഉദ്യോഗസ്ഥർക്കിടയിൽ ശാരീരിക, മാനസിക പ്രശ്നങ്ങൾ ഉണ്ടാകുന്നതായ എന്തെങ്കിലും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; | (എ) യും (ബി).യും (സി) യും<br>ഇതു സംബന്ധിച്ച് പ്രത്യേക പഠന റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ ചുരുക്കം ചില പോലീസ് ഉദ്യോഗസ്ഥരുടെ ഇടയിൽ മാനസിക സമ്മർദ്ദം മൂലം ശാരീരിക പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ട്. ഇതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശോധനകളും കൗൺസലിംഗും നൽകുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കും, ആരോഗ്യ വകുപ്പ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ഒരു പുതിയ പദ്ധതിയും ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | |
| സി) സമ്മർദ്ദസാഹചര്യങ്ങളൊഴിവാക്കി, പ്രശ്നപരിഹാരം കണ്ടെത്തുന്നതിനും പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് സേവനം കൂടുതൽ ജനോപകാര-പ്രദമാക്കാനും എന്തൊക്കെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ